പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3642 | 20.6.2018 ൽ മറുപടിയ്ക്ക്

# അംഗപരിമിത സൗഹൃദ സംസ്ഥാനം

ചോദ്യം | മറുപടി

ശ്രീ.സണ്ണി ജോസഫ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;വിശദമാക്കുമോ; | (എ) കേരളത്തെ ഭിന്നശേഷി സൗഹൃദമാക്കി മാറ്റുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ സർക്കാർ/പൊതുമേഖലാ കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി മാറ്റുകയും കണ്ണൂർ ജില്ലയെ സംസ്ഥാനത്തെ ആദ്യ ഭിന്നശേഷി സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുമുണ്ട്. 2017-18 വർഷത്തിൽ ബാരിയർ ഫ്രീ കേരള പദ്ധതിയ്ക്കായി 15 കോടി രൂപ വകയിരുത്തുകയും ടി തുക മലപ്പുറം ജില്ലയ്ക്ക് 8,88,80,000/- രൂപ, വയനാട് ജില്ലയ്ക്ക് 6,11,20,000/- രൂപ എന്ന ക്രമത്തിൽ അതാത് ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ബാരിയർ ഫ്രീ പദ്ധതിയ്ക്കായി 18 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയെ ബാരിയർ ഫ്രീ ആക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ 6,68,00,000/- രൂപയുടെ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഓരോ ജില്ലയും ബാരിയർ ഫ്രീ ആക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഓരോ ജില്ലയും ഭിന്നശേഷി സൗഹൃദമാക്കുന്നതിലൂടെ കേരള സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.<br>സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യ സുരക്ഷാമിഷൻ 'അനുയാത്ര' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി 2017 മുതൽ നടപ്പാക്കി വരുന്നു. |

| | |
|---|---|
| (ബി) മരണപ്പെട്ട ഭിന്നശേഷിക്കാരുടെ സ്വയം തൊഴിൽ വായ്പ കടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള ആശ്വാസ് പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ എത്ര പേരുടെ ബന്ധുക്കൾക്ക് ആനുകൂല്യം അനുവദിച്ചു;വ്യക്തമാക്കുമോ; | (ബി) ഉണ്ട്. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖാന്തിരം വായ്പയെടുത്ത് തിരിച്ചടവ് കാലാവധിക്ക് മുൻപ് മരണപ്പെട്ട 31 ഗുണഭോക്താക്കളുടെ വായ്പതുകയായ 45,74,168.00 രൂപ പൂർണ്ണമായും ഒഴിവാക്കി ജാമ്യരേഖകൾ ബന്ധുക്കൾക്ക് തിരികെ നൽകി. |
| (സി) കടിശ്ശിക വരുത്തിയ ഭിന്നശേഷിക്കാരായ ഗുണഭോക്താക്കളുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ? | (സി) ഉണ്ട്. 15.09.2017-ലെ സ.ഉ.(സാധാ)നം. 601/17/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കുടിശ്ശിക വരുത്തിയ ഭിന്നശേഷിക്കാരായ ഗുണഭോക്താക്കളുടെ പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി പലിശയിൽ 75% വരെ ഇളവ് നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലൂടെ 14.06.2018 വരെ 34 ഗുണഭോക്താക്കൾക്കായി 15,65,129/- രൂപ ഇളവ് ചെയ്ത് നൽകിയിട്ടുണ്ട്. ടി പദ്ധതി ജൂലൈ 31 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ ആനുകൂല്യം 178 ഗുണഭോക്താക്കൾക്ക് കൂടി ലഭ്യമാകുന്നതാണ് |

സെക്ഷൻ ഓഫീസർ